LIBRARY ARCHIVES Kerala Legislative Assembly

അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം

19 (325) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിൽ ഏതു കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ രണ്ട് പട്ടികവർഗ്ഗ കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്?

പട്ടുത്തുവയൽ കോളനിയിൽ പുതുതായി 7 വീടുകളാണ് എസ്റ്റിമേറ്റിൽ ഉള്ളത്. ഭവനനിർമ്മാണ, ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കോളനിയിലെ നടപ്പാത കരിങ്കല്ല് പാകിയിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ നിലവിൽ പ്രവൃത്തികളൊന്നും ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

31-3-2022-ന് മുൻപ് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

20 (326) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പട്ടികജാതി സങ്കേതങ്ങളുടെ/കോളനികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

1. നാലുകെട്ടും കവല പ്ലാപ്പുറം കോളനി

2. പെരുമാങ്കര കോളനി

3. വെങ്കിടച്ചിറ കോളനി

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ?

നാലുകെട്ടും കവല പ്ലാപ്പുറം കോളനിയിലെ പ്രവൃത്തി പൂർത്തീകരിച്ചു. പെരുമാങ്കര കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു പണി പുരോഗമിക്കുന്നു. വെങ്കിടച്ചിറ കോളനിയിലെ നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.